"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - ശൂന്യവേതനാവധി കാലയളവ് അവസാനിച്ച ശേഷവും അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന വെറ്ററിനറി സർജൻ ഡോ. ജോജു ജോർജ്ജിനെതിരെയുള്ള ശിക്ഷ അന്തിമമാക്കി അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

---

**മൃഗസംരക്ഷണ (ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.512/2024/AHD തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:-

1. 01.07.2004-ലെ GO(RT)No.928/04/AD നമ്പർ സർക്കാർ ഉത്തരവ്
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 03.06.2019-ലെ AHD/6592/2018-X5 നമ്പർ കത്ത്
3. 01.03.2021-ലെ ഇ3/146/2019-എഎച്ച് നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. 19.04.2022-ലെ GO(RT)No.199/2022/AHD നമ്പർ സർക്കാർ ഉത്തരവ്
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.10.2022-ലെ AHD/6592/2018-X5 നമ്പർ കത്ത്
6. 09.11.2022-ലെ ഇ3/146/2019-എഎച്ച് നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.11.2023-ലെ AHD/6592/2018-X5 നമ്പർ കത്ത്
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 31.07.2024-ലെ AI-3/3/2024-KPSC നമ്പർ കത്ത്

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജനായ ഡോ. ജോജു ജോർജ്ജ് തൃശ്ശൂർ ജില്ലയിലെ പടിയൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായി ജോലി ചെയ്തു വരവേ പരാമർശം (1) പ്രകാരം വിദേശത്ത് ഭാര്യയോടൊന്നിച്ച് താമസിക്കുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. 01.08.2004 മുതൽ അവധിയിൽ പ്രവേശിച്ച ഡോ. ജോജു ജോർജ്ജിന്റെ അവധിയുടെ കാലയളവ് 31.07.2009-ൽ അവസാനിച്ചുവെന്നും തുടർന്ന് അവധി കാലാവധി കഴിഞ്ഞ് നാളിതുവരെയും അവധി ദീർഘിപ്പിച്ച് വാങ്ങുകയോ, സേവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലായെന്നും പൊതുജനസേവനത്തിനായി നിയോഗിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ അപേക്ഷ നല്കി അവധി അനുവദിച്ച് വാങ്ങിയശേഷം അവധി കാലാവധി കഴിഞ്ഞു തിരികെ സേവനത്തിൽ പ്രവേശിയ്ക്കാതെ അനധികൃതമായി

വിട്ടുനില്ക്കുന്നത് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, Appendix XII C-യിലെ വ്യവസ്ഥകളുടെ ലംഘനവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ട ലംഘനവുമാണെന്നും, ആയതിനാൽ ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. അനുവദിച്ച അവധി കാലയളവ് കഴിഞ്ഞ് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന വെറ്ററിനറി സർജൻ ഡോ. ജോജു ജോർജ്ജിനെതിരെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡോ.ജോജു ജോർജിന്റെ വിദേശത്തെയും ഇൻഡ്യയിലെയും മേൽ വിലാസങ്ങളിൽ അയച്ചുനൽകിയെങ്കിലും ഇൻഡ്യൻ മേൽവിലാസത്തിൽ അയച്ച തപാൽ കൈപ്പറ്റാതെ തിരികെ ലഭിച്ചിട്ടുള്ളതും വിദേശമേൽവിലാസത്തിൽ അയച്ച തപാലോ കൈപ്പറ്റോ തിരികെ ലഭിച്ചിട്ടില്ലായെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് കുറ്റപത്രവും കുറ്റാരോപണ പത്രികയും സർക്കാർ ഔദ്യോഗിക വെബ് സൈറ്റിലും പ്രമുഖ പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിനും ഡോ. ജോജു ജോർജ്ജ് പ്രതികരിച്ചില്ല.

3. തുടർന്ന് ഡോ. ജോജു ജോർജ്ജിനെതിരെയുള്ള ആരോപണങ്ങൾ മേൽ കെ.സി.എസ്(സി.സി&എ) ചട്ടം 1960 റൂൾ 15(2)(b)(ii) പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

4. ഔപചാരിക അന്വേഷണം സംബന്ധിച്ച നോട്ടീസ് 04.05.2022-ൽ ഡോ.ജോജു ജോർജിന്റെ വിദേശത്തെയും ഇൻഡ്യയിലെയും ലഭ്യമായ മേൽവിലാസങ്ങളിൽ അയച്ചുനൽകിയിരുന്നു. ആയവയിൽ ഇൻഡ്യൻ മേൽവിലാസത്തിൽ അയച്ച തപാൽ കൈപ്പറ്റാതെ 10-05-2022 ൽ തിരികെ ലഭിച്ചു. വിദേശമേൽവിലാസത്തിൽ അയച്ച തപാലോ കൈപ്പറ്റോ തിരികെ ലഭിച്ചിട്ടില്ല. കൂടാതെ നോട്ടീസ് മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. ആയതിനും ടിയാനിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

5. ഡോ.ജോജു ജോർജ്ജ് കുറ്റപത്രം കൈപ്പറ്റുകയോ പ്രതികരിയ്ക്കുയോ കുറ്റാരോപണങ്ങൾ പ്രതിരോധിക്കുകയോ കുറ്റങ്ങൾ നിഷേധിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടിയാനെതിരായി ആരോപിക്കപ്പെട്ട എല്ലാ കുറ്റങ്ങളും തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഔപചാരിക അന്വേഷണ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്നും ഡോ. ജോജു ജോർജ്ജിനെതിരെയുള്ള അച്ചടക്ക നടപടികൾ തുടരാവുന്നതാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

6. തുടർന്ന് ഡോ. ജോജു ജോർജ്ജിനെതിരെ സർവ്വീസിൽ നീക്കംചെയ്യുക എന്ന ശിക്ഷ ചുമത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ടി കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയായി ടിയാൾ സർവ്വീസിൽ നിന്നും രാജിവയ്ക്കുന്നതിന് സന്നദ്ധത അറിയിച്ചതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (7) പ്രകാരം അറിയിച്ചിരുന്നു. അച്ചടക്കനടപടി

സ്വീകരിച്ച വേളയിൽ സമർപ്പിക്കപ്പെട്ട രാജി അപേക്ഷ പരിഗണിക്കേണ്ടതില്ലാത്തതിനാൽ, ഡോ.ജോജു ജോർജിനെതിരെ ചുമത്തിയ ശിക്ഷ സ്ഥിരപ്പെടുത്തുന്നതിൽ ബഹു.പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

7. പ്രസ്തുത കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിയ്ക്കുന്നതായി പരാമർശം (8) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

8. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 31.07.2009-ൽ ശൂന്യവേതനാവധി കാലയളവ് അവസാനിച്ച ശേഷം നാളിതു വരെ വകുപ്പിൽ തിരികെ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഡോ. ജോജു ജോർജ്ജിനെ KCS(CC&A) Rules 1960, ചട്ടം 11(1)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ടിയാൾക്കെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ജോജു ജോർജ്ജ്, വെറ്ററിനറി സർജൻ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം/ ബ്രാഞ്ച് ഓഫീസ്, എറണാകുളം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 13-09-2024 10:46:40
സെക്ഷൻ ഓഫീസർ